പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1822 **26-10-2026-ൽ മറുപടിയ്ക്ക്**

തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. രാജീവ് ചന്ദ്രശേഖർ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതിയുടെ ഒന്നാം ഘട്ട അലൈൻമെന്റ് പ്രകാരം പാത പാപ്പനംകോട് നിന്നാണ് ആരംഭിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(ബി) പ്രസ്തുത പാത ഏതാനും കിലോമീറ്ററുകൾ കൂടി ദീർഘിപ്പിച്ച് നേമം വരെ നീട്ടണമെന്ന് ആവശ്യമുന്നയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(സി) നേമം റെയിൽവേ സ്റ്റേഷൻ പ്രധാന ടെർമിനലായി വികസിക്കുന്ന സാഹചര്യത്തിലും വിഴിഞ്ഞം തുറമുഖം സജ്ജമാകുന്നതോടെ ദേശീയപാതയിലുണ്ടാകുന്ന ഗതാഗത സാന്ദ്രതയും യാത്രാക്ലേശവും കണക്കിലെടുത്തും മെട്രോ നേമം വരെ ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

മറുപടി: 07.11.2025-ലെ സ.ഉ.(സാധാ.)നം.462/2025/ഗതാ പ്രകാരം സർക്കാർ അംഗീകരിച്ച മെട്രോ ഇടനാഴി അനുസരിച്ച്, പാപ്പനംകോട് മുതൽ ഈഞ്ചയ്ക്കൽ വരെ 31 കിലോമീറ്റർ ദൈർഘ്യമുള്ള മെട്രോ പാതയിൽ ആകെ 27 സ്റ്റേഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പാപ്പനംകോട്, കൈമനം, കരമന, കിള്ളിപ്പാലം, തമ്പാനൂർ, സെക്രട്ടേറിയറ്റ്, പാളയം, പട്ടം, മെഡിക്കൽ കോളേജ്, ശ്രീകാര്യം, കാര്യവട്ടം, ടെക്നോപാർക്ക് ഫേസ്-I, ഫേസ്-II, ഫേസ്-III, കുളത്തൂർ, കൊച്ചുവേളി, ചാക്ക, വിമാനത്താവളം, ഈഞ്ചയ്ക്കൽ തുടങ്ങിയ പ്രധാന സ്ഥലങ്ങൾ ഇതിലൂടെ ബന്ധിപ്പിക്കപ്പെടുന്നുണ്ട്.

സർക്കാർ അംഗീകരിച്ച നിലവിലെ മെട്രോ ഇടനാഴിയിൽ നേമം ഉൾപ്പെടുത്താൻ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി) എങ്കിൽ ഇതിനായി കെഎംആർഎൽ/ഡിഎംആർസി എന്നിവർക്ക് ആവശ്യമായ നിർദ്ദേശം നൽകി തിരുവനന്തപുരം മെട്രോയുടെ ഒന്നാം ഘട്ടത്തിൽ തന്നെ നേമം ടെർമിനൽ/സ്റ്റേഷൻ കൂടി ഉൾപ്പെടുത്താൻ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

മറുപടി: 07.11.2025-ലെ സ.ഉ.(സാധാ.)നം.462/2025/ഗതാ പ്രകാരം സർക്കാർ അംഗീകരിച്ച മെട്രോ ഇടനാഴി അനുസരിച്ച്, പാപ്പനംകോട് മുതൽ ഈഞ്ചയ്ക്കൽ വരെ 31 കിലോമീറ്റർ ദൈർഘ്യമുള്ള മെട്രോ

പാതയിൽ ആകെ 27 സ്റ്റേഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പാപ്പനംകോട്, കൈമനം, കരമന, കിള്ളിപ്പാലം, തമ്പാനൂർ, സെക്രട്ടേറിയറ്റ്, പാളയം, പട്ടം, മെഡിക്കൽ കോളേജ്, ശ്രീകാര്യം, കാര്യവട്ടം, ടെക്നോപാർക്ക് ഫേസ്-I, ഫേസ്-II, ഫേസ്-III, കുളത്തൂർ, കൊച്ചുവേളി, ചാക്ക, വിമാനത്താവളം, ഈഞ്ചയ്ക്കൽ തുടങ്ങിയ പ്രധാന സ്ഥലങ്ങൾ ഇതിലൂടെ ബന്ധിപ്പിക്കപ്പെടുന്നുണ്ട്.

സർക്കാർ അംഗീകരിച്ച നിലവിലെ മെട്രോ ഇടനാഴിയിൽ നേമം ഉൾപ്പെടുത്താൻ തീരുമാനം കൈക്കൊണ്ടിട്ടില്ല.

സെക്ഷൻ ഓഫീസർ